157

*രാഗം : കമാശ് - ആദിതാളം*

സ്തുതിക്കു യോഗ്യൻ നീയേ-ജന
സ്തുതിക്കു യോഗ്യൻ നീയേ-സുര
സ്തുതിക്കു യോഗ്യൻ നീയേ-
നിത്യജീവനാഥാ സ്തുതിക്കു യോഗ്യൻ നീയേ-

1 വിണ്ണുലകം വിട്ടിറങ്ങി മണ്ണുലകിൽ വന്നെനിക്കു
പൂർണ്ണദയ ചെയ്തതിനാൽ- സ്തുതിക്കു....

2 ഘോരമായ പാപശാപം-ധീരമനസ്സോടു-വഹി
ച്ചോരു പരമേശസുനോ- സ്തുതിക്കു....

3 പാരം ധനിയായനീ നി-സ്സാരനാമെനിക്കുവേണ്ടി
തീരെ ദരിദ്രത്വമാർന്നായ്- സ്തുതിക്കു....

4 ക്രൂശു മരണം സഹിച്ചു തേജോമയനായ് ഭവിച്ചു
നാശകനെ സംഹരിച്ചു- സ്തുതിക്കു....

5 നിന്നുയിർപ്പിൻ ജീവനെന്നിൽ വന്നു നിറഞ്ഞുന്നതന്റെ
ധന്യത വിളങ്ങിടട്ടെ- സ്തുതിക്കു....

6 എന്നാളിൽ നീ വീണ്ടുംവരു-മന്നാൾനിന്നിൽ ഞങ്ങൾ ചേരു
മെന്നാലതുമാത്രം പോരും- സ്തുതിക്കു....

7 ഹാ! നിൻവര-വികലെന്നെ ഓർമ്മിപ്പതെന്നാശതന്നെ
ഞാനും സ്തുതിക്കുന്നു നിന്നെ- സ്തുതിക്കു....

8 ജ്ഞാനബഹു-മാനധന-മൂനമില്ലാവൻ മഹത്വം
നൂനം നിനക്കെന്നുമെന്നും- സ്തുതിക്കു.... K.V.S